# ശ്ലീഹാക്കാലം

## വചന വിചിന്തനം

### അഞ്ചാം ഞായർ

ലൂക്കാ 12,16-34

### "വായ് കീറിയ തമ്പുരാൻ ഇരയും കല്പിച്ചുതന്നിട്ടുണ്ട്"

ഇതൊരു കഥയാകാം... ഒരു പക്ഷെ നമ്മളിൽ പലരുടെയും ജീവിതവും... പ്രശ്തനായ മനഃശാസ്ത്രജ്ഞന്റെ അടുത്ത് ടെലിവിഷൻ അവതാരിക ചോദിച്ച അവസാനത്തെ ചോദ്യം.

"ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ കൊലയാളി ആര്?"

മനശാസ്ത്രജ്ഞൻ രണ്ടാമതൊന്ന് ആലോചിക്കാതെ ഉത്തരം നൽകി,

"ആകുലത."

പഴയ നിയമ ഗ്രന്ഥക്കാരൻ ഓർമ്മപ്പെടുത്തുന്നു, "തളർന്ന മനസ്സ് ആരോഗ്യം കെടുത്തുന്നു" (സുഭാ 17,12).

മനുഷ്യന്റെ ശരീരത്തെയും മനസ്സിനെയും ഒരുപോലെ താളം തെറ്റിക്കാനും ജീവിതത്തിന്റെ സന്തോഷവും സംതൃപ്തിയും എടുത്ത് കളഞ്ഞ് അവനെ നിരുന്മേഷകനാക്കാനും ആകുലതയ്ക്ക് സാധിക്കും. അതുകൊണ്ട് തന്നെ ആകുലതയ്ക്ക് കൂട്ടായ് വരുന്നത് പ്രഷർ, പ്രമേഹം, നിരാശ, കോപം തുടങ്ങിയവയാണ്.

"കർത്താവാണ് എന്റെ ഇടയൻ. എനിക്കൊന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ 23,1). ഇതാണ് ദൈവപരിപാലനയുടെ മുഖം!

എന്നത്തേക്കാളുപരി ഇന്ന് ധ്യാനകേന്ദ്രത്തിലേയ്ക്കും കൗൺസിലിങ്ങ് സെന്ററിലേയ്ക്കുമുള്ള തള്ളികയറ്റം കൂടിയിട്ടുണ്ടെങ്കിൽ അതിന് ഒറ്റ കാരണമേയുള്ളു - ടെൻഷൻ. മലയാളീകരിച്ച് പറഞ്ഞാൽ ആകുലത. ജീവിതത്തിന്റെ പ്രാരാബ്ദങ്ങൾ ഏറെയുണ്ടായിരുന്നപ്പോഴും ഉടുതുണിക്ക് മറുതുണിയില്ലാതിരുന്നപ്പോഴും നമ്മുടെ പിതാക്കൻമാർ എന്തൊരു സമചിത്തതയോടെയാണ് ജീവിതത്തെ കൈകാര്യം ചെയ്തത്. ആത്മഹത്യയിൽ അഭയം പ്രാപിച്ചിരുന്നവർ തുലോം തുച്ഛമായിരുന്നു. വിവാഹമോചന കേസുകൾ കൈവിരലിൽ എണ്ണാൻ പോലുമുണ്ടായിരുന്നില്ല.

എന്നാൽ, ഇന്ന് നമ്മിൽ അതിജീവനത്തിന്റെ സുവിശേഷം പ്രസംഗപീഠങ്ങളിൽ മാത്രം അവസാനിക്കുന്നു. നിസാര പ്രശ്നങ്ങൾപ്പോലും സമചിത്തതയോടെ സമീപിക്കാൻ നമുക്ക് സാധിക്കുന്നില്ല. കൊല്ലും കൊലയും കൊള്ളിവയ്പും ആത്മഹത്യയും വിവാഹമോചനങ്ങളും ഇന്ന് വാർത്തയല്ലാതായിരിക്കുന്നു.

പണ്ടത്തെക്കാളേറെ ജീവിതസൗകര്യങ്ങളും സാമ്പത്തിക ഭദ്രതയും ഉണ്ടായിട്ടും എന്തുകൊണ്ടാണ് മനുഷ്യന് ആകുലതകൾ ഏറുന്നത്?

അടിപൊളി സംസ്കാരത്തിലൂടെ കടന്നു വരുന്ന് അമിതമായ ആഗ്രഹങ്ങളും സ്വപ്നങ്ങളും അല്ലേ? കാലത്തിനനുസരിച്ച് കോലം മാറിയില്ലെങ്കിൽ ഞാൻ പുറം തള്ളപ്പെടും എന്നുള്ള ഭീതിയോടെ പത്തുള്ളവൻ അമ്പത് ചിലവാക്കിയാൽ എന്താകും അവസ്ഥ! അച്ചടക്കമില്ലത്ത, പഠനനിലവാരം തെല്ലും പോലുമില്ലാത്ത കുട്ടികളെ ലോണെടുത്ത് മാതാപിതാക്കളുടെ സ്വപ്നങ്ങൾക്കനുസരിച്ച് മെഡിസനും എഞ്ചിനിയറിങ്ങിനും പറഞ്ഞയക്കുന്നത് ഇന്ന് തികച്ചും ഒരു '*സ്റ്റാറ്റസ് സിംമ്പൽ*' മാത്രമാണ്. എവിടെയും എങ്ങനെയും ഒന്നാം സ്ഥാനത്തെത്തണം എന്നുള്ള വ്യഗ്രതയോടെ യാഥാർത്ഥ്യ ബോധമില്ലാത്ത പരക്കം പാച്ചിലിനിടയിൽ കുട്ടികൾക്ക് അമിതമായ മാനസിക സമ്മർദ്ദം ഏൽപ്പിക്കപ്പെടുന്നു. പണംകൊണ്ടോ അധികാരംകൊണ്ടോ മാത്രമെ ഈ സമൂഹത്തിൽ പിടിച്ച് നിൽക്കാൻ സാധിക്കു എന്നുള്ള അവസ്ഥ ഇവയ്ക്ക് പിന്നാലെയുള്ള പരക്കം പാച്ചിലുകൾ വർദ്ധിപ്പിക്കുന്നു. ഫലമോ, നനഞ്ഞ കോഴിയെ പോലെയിരിക്കുന്ന നിരാശയുള്ള മനസ്സും ആകുലതയുള്ള

ശരീരവും.

എന്നാൽ വചനം പറയുന്നു, "എന്ത് ഭക്ഷിക്കും എന്ന് ജീവനെ പറ്റിയോ എന്ത് ധരിക്കും എന്ന് ശരീരത്തെ പറ്റിയോ നിങ്ങൾ ആകുലരാകേണ്ട. കാരണം, ജീവൻ ഭക്ഷണത്തെക്കാളും ശരീരം വസ്ത്രത്തെക്കാളും ഉപരിയാണ്" (ലൂക്കാ 12,22). ഈ ലോകത്തിന്റെ ജനതകളാണ് വസ്ത്രത്തെയും പാർപിടത്തെയും ശരീരത്തെയും കുറിച്ച് ആകുലരാകുന്നത്. നിങ്ങൾ അങ്ങനെയാകരുത്. നിങ്ങൾ ചെയ്യേണ്ടത്, "അവിടുത്തെ രാജ്യം അന്വേഷിക്കുവിൻ" (ലൂക്കാ 12,31). അങ്ങനെയെങ്കിൽ ആത്മാവിന് സംതൃപ്തി നൽകുന്ന ഇതിനോടൊപ്പം ശരീത്തിന് ആവശ്യമുള്ളതും നിങ്ങൾക്ക് ലഭിക്കും.

ക്രിസ്തു ഓർമ്മപ്പെടുത്തുകയാണ്, നിങ്ങൾ ഈ ഭൂമിയിൽ നിക്ഷേപങ്ങൾ കൂട്ടി വയ്ക്കുന്നതു കൊണ്ടാണ് ഇത്ര മാത്രം ആകുലത. നിങ്ങൾ പഴകി പോകാത്ത പണസഞ്ചികൾ കരുതിവയ്ക്ക്. ഒരിക്കലും ഒടുങ്ങാത്ത നിക്ഷേപം സ്വർഗ്ഗത്തിൽ ഒരുക്കിവയ്ക്ക്. അവിടേയ്ക്ക് കള്ളൻമാർ കടന്ന് വരികയോ ചിതൽ നശിപ്പിക്കുകയോ ചെയ്യുകയില്ല എന്ന്. വചനം പറയുന്നത് എത്രമാത്രം ശരിയാണ്! ഇന്ന് നമ്മുടെ ആകുലതയുടെയൊക്കെ പ്രധാനപ്പെട്ട കാരണം ഇതൊക്കെ തന്നെയാണ്- പണവും, സമ്പത്തും, ഭൗതിക നേട്ടങ്ങളും...

"മനുഷ്യന്റെ
ആവശ്യങ്ങൾക്കുള്ളത്
ഈ പ്രപഞ്ചത്തിൽ
ഉണ്ട്.
എന്നാൽ,
അവന്റെ അത്യാർത്തി
മാറ്റാനുള്ളത്
ഈ പ്രപഞ്ചത്തിലില്ല!"

ഗാന്ധിജി

മഹാനായ അലക്സാണ്ടർ ലോകം കീഴടക്കിയവനാണ്. എന്നാൽ, മഹാനായ അലക്സാണ്ടർ രാജാവ് മരിച്ചപ്പോൾ, അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം രണ്ട് കരങ്ങളും ശവമഞ്ചത്തിന് വെളിയിലിട്ടാണ് വിലാപയാത്രയായ് പോയത്. കരണം പറഞ്ഞത് ഇപ്രകാരമായിരുന്നു, "ഞാൻ ഈ ലോകത്തിലെ സർവ്വ സൗഭാഗ്യങ്ങളും വെട്ടി പിടിച്ചു. എങ്കിലും നിങ്ങളാണ് സാക്ഷികൾ, ഞാൻ തിരികെ പോകുമ്പോൾ ഒന്നും കൊണ്ട് പോകുന്നില്ല."

രണ്ടാം ക്രിസ്തുവായ അസ്സീസിയിലെ വി. ഫ്രാൻസിസിനെ കുറിച്ച് കേൾക്കാത്തവർ വിരളമായിരിക്കും. അദ്ദേഹത്തിന്റെ മരണ സമയത്ത് നഗ്നനായി വെറും തറയിൽ ചാരത്തിൽ കിടന്നു കൊണ്ടാണ് മരണത്തെ പുൽകിയത്. അദ്ദേഹം പറഞ്ഞു,

"ഞാൻ ഈ ഭൂമിയിലേയ്ക്ക് നഗ്നനായി, ഒന്നുമില്ലാത്തവനായി വന്നു. തിരികെ പോകുമ്പോൾ നിങ്ങൾ സാക്ഷി, ഞാൻ ഒന്നും കൊണ്ട് പോകുന്നില്ല."

വിശ്വപ്രസിദ്ധ എഴുത്തുക്കാരനായ ടോൾസ്റ്റോയിയുടെ വളരെ മനോഹരമായ ചെറുകഥയാണ് "ആറ് അടി മണ്ണ്." കഥയുടെ ഇതിവൃത്തം ഇങ്ങനെയാണ്.

രാജാവിന്റെ മുമ്പിൽ ഭിക്ഷ യാചിച്ച് വന്ന ഭിക്ഷക്കാരനോട് രാജാവ് പറഞ്ഞു,

"ഞാൻ നിനക്ക് ഭിക്ഷയൊന്നും തരുന്നില്ല. പകരം, നാളെ ആറ് മണിക്ക് നീ കൊട്ടാരത്തിന്റെ മുമ്പിൽ വരണം. രാവിലെ ആറുമണി മുതൽ വൈകുന്നേരം ആറുമണി വരെ നീ പോകുന്ന ഇടങ്ങളെല്ലാം ഞാൻ നിന്റെ പേരിലാക്കി തരാം."

ഇത് കേട്ട ഭിക്ഷക്കാരാൻ ഏറെ സന്തോഷത്തോടെ പിറ്റേ ദിവസം ആറുമണിക്കുതന്നെ രാജ്യകൊട്ടാരത്തിന്റെ മുമ്പിൻ വന്നു. ആറുമണിയായപ്പോൾ നടക്കാൻ ആരംഭിച്ചു. ആദ്യം സാവധാനമായിരുന്നു നടപ്പ്. പിന്നെ, സ്വന്തമാക്കാനുള്ള മണ്ണിനെ കുറിച്ച് ഓർത്തപ്പോൾ നടപ്പ് ഓട്ടമായി. ഭക്ഷണവും വെള്ളവും പോലും ഉപേക്ഷിച്ചാണ് ഓട്ടം. അഞ്ചുമണിയായപ്പോഴാണ് ആറുമണിക്ക് മുമ്പ് തിരികെ കൊട്ടാരത്തിൽ എത്തിചേരേണ്ടതിനെ കുറിച്ച് ഓർത്തത്. പിന്നെ ഒരു കുതിപ്പായിരുന്നു. കൃത്യം ആറു മണിക്ക് തന്നെ കൊട്ടാരത്തിന്റെ മുമ്പിൽ എത്തി ചേർന്നു. പക്ഷെ അപ്പോഴെക്കും ക്ഷീണിച്ച് തളർന്ന ഭിക്ഷക്കാരൻ രാജാവിന്റെ മുമ്പിൽ കുഴഞ്ഞ് വീണ് മരിച്ചു.

രാജാവ് പറഞ്ഞു,

"എന്തിനാ ഇവർ ഇത്രമാത്രം അദ്ധ്വാനിച്ചത്? ഇവന് ആറടി മണ്ണ് മാത്രമായിരുന്നു ആവിശ്യമുണ്ടായിരുന്നത്!"

ഭക്ത കവിയായിരുന്ന പൂന്താനം തന്റെ കവിതയായിരുന്ന 'കൃഷ്ണ ഗാഥ'യിൽ പറഞ്ഞു വയ്ക്കുന്നുണ്ട് മനുഷ്യ സ്വഭാവത്തെ. അത് ഇങ്ങനെയാണ്,

"പത്തു കിട്ടിയാൽ നൂറാക്കാണം.

നൂറു കിട്ടിയാലോ അത് പതിനായിരമാക്കണം.

പതിനായിരമോ അത് ലക്ഷമാക്കണം."

"വായ് കീറിയവൻ ഇരയും ക്ലപ്പിച്ചുതന്നിട്ടുണ്ട്" എന്നതിനർത്ഥം അനുദിനജീവിതത്തെ അനുഗ്രഹപൂർണമാക്കാൻ ഞാൻ അദ്ധ്വാനിക്കേണ്ട, കഷ്ടപെടേണ്ട, മടി പിടിച്ച് ഇരിക്കാം എന്നുള്ളതല്ല. മറിച്ച്, സമ്പത്തിൽ മാത്രം ആശ്രയം വയ്ക്കാതെ ദൈവത്തിൽ ആശ്രയം വച്ച് ജീവിക്കണം എന്നുള്ളതാണ്. അദ്ധ്വാനത്തെ കുറിച്ച് വായിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും മനോഹരമായ വചനം;

"ദൈവം എല്ലാ സൃഷ്ടിജാലങ്ങൾക്കും ഭക്ഷണം നൽകുന്നു. എന്നാൽ, അവിടുന്ന് ഒന്നിന്റെയും ചുണ്ടിൽ കൊണ്ടുപോയി ഭക്ഷണം വയ്ക്കാറില്ല!"

ദൈവപരിപാലനയുടെ വലുപ്പം കാണിക്കാൻ ക്രിസ്തു ഉപയോഗിക്കുന്ന ഉപമയിലെ കഥാപാത്രം കാക്കയും, പക്ഷികളുമാണ് (ലൂക്കാ 12,24). ഒരിക്കൽപ്പോലും നിഷ്ക്രിയരായിരിക്കാത്ത വർഗ്ഗമാണ് പക്ഷികൾ. എപ്പോഴും എന്തെങ്കിലുമൊക്കെ ചെയ്തുകൊണ്ടിരിക്കും. ചുരുക്കത്തിൽ, അദ്ധ്വാനത്തിന്റെ മഹത്വവും സമയത്തിന്റെ വിലയും അറിയാവുന്ന നല്ല ഇനം. അതുകൊണ്ട് തന്നെയാണ് ക്രിസ്തു, ദൈവപരിപാലനയെ ഓർമ്മപ്പെടുത്താൻ പക്ഷികളെ കൂട്ട് പിടിച്ചത്.

തുടർച്ചയായ് 1990 മുതൽ ലോകത്തിലെ കോടിശ്വരൻമാരിൽ ഒന്നാംസ്ഥാനം കൈയടക്കി വാഴുന്ന ബിൽ ഗേറ്റ്സിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്;

"നിങ്ങൾ ദരിദ്രനായാണ് ജനിക്കുന്നതെങ്കിൽ അത് നിങ്ങളുടെ തെറ്റല്ല. മറിച്ച്, നിങ്ങൾ ദരിദ്രനായാണ് മരിക്കുന്നതെങ്കിൽ അത് നിങ്ങളുടെ തെറ്റാണ്!"

ദൈവത്തിന് പ്രഥമസ്ഥാനം നൽകുന്നവർ എല്ലവരെക്കാളും അനുഗ്രഹിക്കപ്പെടുന്നു. അബ്രാഹത്തിന്റെ ജീവിതത്തിലേയ്ക്ക് നോക്കുക. സർവ്വസമ്പത്തിന്റെയും നടുവിൽ നിൽക്കുമ്പോഴാണ് അബ്രാഹത്തെ ദൈവം വിളിക്കുന്നത്. ഒരായുസിന്റെ മുഴുവൻ സമ്പാദ്യമെല്ലാം ഉപേക്ഷിക്കാൻ പറയുന്നത്. ഉപേക്ഷിക്കുന്നവനുള്ള ദൈവത്തിന്റെ വാഗ്ദാനമോ, "ഞാൻ നിന്നെ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗൃഹിതമാകും. ഞാൻ നിന്നെ വലിയൊരു ജനതയാക്കും..." (ഉൽപ്പ 12,2-3). ദൈവപരിപാലനയിൽ വിശ്വാസിച്ച് ദൈവവചനത്തിന് മുമ്പിൽ അബ്രാഹം ശിരസ് നമിക്കുകയാണ്. അവൻ തന്റെ സർവ്വസമ്പാദ്യങ്ങൾ കർത്താവിനെ പ്രതി ഉപേക്ഷിക്കുകയാണ്. ദൈവപരിപാലനയിൽ വിശ്വസിച്ച അബ്രാഹത്തിന് ഭവിച്ചതോ, 'ആകാശത്തിലെ നക്ഷത്രങ്ങളും കടൽക്കരയിലെ മണൽ തരികൾപോലെയും മക്കൾ, എണ്ണമറ്റ സ്വത്തുക്കൾ!' ചുരുക്കത്തിൽ, ദൈവത്തിൽ ആശ്രയിച്ചവരെ ദൈവം കൈവെട്ടിട്ടില്ല.

ഓർക്കുക, മരിക്കാൻ കിടക്കുമ്പോൾ നാം ഇങ്ങനെ പറയാൻ ഇടവരരുത്, "എന്തിനാ ഇത്രമാത്രം അദ്ധ്വാനിച്ചെ??? എന്തിനാ ഇത്രമാത്രം ആകുലപ്പെട്ടെ??? കിടക്കാൻ ആറടി മണ്ണ് മാത്രം മതിയായിരുന്നെന്ന്."

സുഭാഷിതങ്ങൾ പറയുന്നു, "ഉത്കണ്ഠ ഒരുവന്റെ ഹൃദയത്തെ നിരുന്മേഷമാക്കുന്നു" (സുഭാ 12,25).

*ഭക്ഷണത്തെ കുറിച്ചുള്ള*
*ആധിക്കമല്ല,*
*മറിച്ച്,*
*ഭക്ഷണം കഴിച്ചിട്ടുള്ള*
*രോഗത്തെ കുറിച്ചുള്ള*
*ആധിക്കമാണ്*
*ഇന്ന് നമ്മളുടെ*
*ആകുലതയ്ക്ക്*
*കാരണമായി ഭവിക്കുന്നത്!*

**"തന്നെ സ്നേഹിക്കുന്നവർക്ക്**

**അവിടുത്തെ പദ്ധതിയനുസരിച്ച്വിളിക്കപ്പെട്ടവർക്ക്**

**ദൈവം എല്ലാം നന്മയ്ക്കായ് പരിണമിപ്പിക്കുന്നു"**

**റോമ 8,28**

ഫാ. ജോബി മെനോത്ത് : +91 944 7777 931